പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4638

28/06/2013-ൽ മറുപടിയ്ക്ക്

## കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | എ) കേരള അഗ്രോ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കാർഷിക മേഖലയിലെ യന്ത്രവത്ക്കരണത്തിന്റെ നേട്ടങ്ങൾ ജനങ്ങൾക്ക് സൗകര്യമായ രീതിയിൽ ലഭിക്കുന്നതിനും എല്ലാ കാർഷികാവശ്യങ്ങളും ഒരു സ്ഥലത്തുനിന്നും ലഭിക്കുന്നതിനും വേണ്ടി അഗ്രോ സൂപ്പർ ബസാർ/ അഗ്രോ ബസാറുകൾ തുടങ്ങിയിട്ടുണ്ട്. കാർഷിക യന്ത്രങ്ങൾ മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുന്നതിനായി കസ്റ്റം ഹയറിംഗ് സെന്ററുകളുടെ പ്രവർത്തനം RKVY- യുടെ സഹായത്തോടെ വിപുലീകരിച്ചു. കാർഷിക യന്ത്രങ്ങളിൽ പരിശീലനം നൽകുന്നതിന് തൃശ്ശൂരിലെ പരിശീലനകേന്ദ്രത്തിന് പുറമെ പുനലൂരിൽ ഒരു പുതിയ പരിശീലനകേന്ദ്രം തുടങ്ങുവാനുള്ള നടപടികൾ കൈകൊണ്ട് വരുന്നുണ്ട്. കാർഷികോൽപ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിതഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി മാളയിൽ ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് ഒരു കേന്ദ്രം തുടങ്ങുന്നുണ്ട്. പുനലൂരിലെ അഗ്രോ ഫ്രൂട്സ് പ്രോഡക്റ്റിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി മണിക്കൂറിൽ 1000 ലിറ്റർ ഉൽപാദനക്ഷമതയുള്ള പ്ലാൻറ് സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഒൻപത് നിയോജക മണ്ഡലങ്ങളിൽ "നിറവ്" പദ്ധതി പ്രകാരം വെർമി കമ്പോസ്റ്റ് പ്ലാൻറുകളുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഹൈ-ടെക് പ്രിസിഷൻ ഫാമിംഗ് നടപ്പിലാക്കുന്നതിനാവശ്യമായ ഹൈ-ടെക് ഗ്രീൻ ഹൗസുകളുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നുണ്ട്. കുട്ടനാട്, തൃശ്ശൂർ കോൾ പാക്കേജുകളിലെ യന്ത്രവത്ക്കരണ നടപ്പിലാക്കുന്നുണ്ട്. നടീൽ |

| | |
|---|---|
| | വസ്തുക്കളുടെ ലഭ്യതയ്ക്കായി പുനലൂരിൽ ഒരു ഹോർട്ടികൾച്ചർ നഴ്സറി ആരംഭിച്ചിട്ടുണ്ട്. യന്ത്രങ്ങളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനായി ജില്ലാ യൂണിറ്റുകളോട് അനുബന്ധിച്ചുള്ള വർക്ക് ഷോപ്പുകൾ നവീകരിച്ചിട്ടുണ്ട്. |
| ബി) കോർപ്പറേഷന്റെ നവീകരണത്തിനുവേണ്ടി റിയാബിന്റെ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | ബി) കോർപ്പറേഷന്റെ നവീകരണത്തിനുവേണ്ടി റിയാബിന്റെ റിപ്പോർട്ട് അംഗീകരിച്ചിട്ടില്ല. |
| സി) ശമ്പളപരിഷ്കരണത്തിലെ പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കൈകൊണ്ട നടപടി വ്യക്തമാക്കുമോ; | സി) ശമ്പളപരിഷ്കരണത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിൻമേൽ നടപടികൾ സ്വീകരിച്ച് വരുന്നു. |
| ഡി) കോർപ്പറേഷനിലെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ? | ഡി) കോർപ്പറേഷനിലെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ